**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2462** **27-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ സ്ഥാപനങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വാണിജ്യ വകുപ്പ് ഹ്രസ്വ, ഇടത്തരം, ദീർഘകാല വായ്പകൾ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടി ഉപയോഗിക്കുമോ; വ്യക്തമാക്കുമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി ഹ്രസ്വ, ഇടത്തരം, ദീർഘകാല വായ്പകൾ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല. എന്നാൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഐ.ഡി.സി-യുടെ വിവിധ വായ്പാ പദ്ധതികളിൽ കൂടി സംസ്ഥാനത്ത് വ്യവസായ സംരംഭർക്ക് നൽകി വരുന്ന ഹ്രസ്വ, ഇടത്തര, ദീർഘകാല വായ്പകൾ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണം, ഉല്പാദന വർദ്ധനവ് തുടങ്ങിയവയ്ക്ക് സംരംഭകർക്കു നൽകുന്ന പദ്ധതികൾ വിശകലനം നടത്തി അനുവദിക്കുന്നതാണ്. |
| (ബി) | ഉല്പാദന വർദ്ധനവിന് വേണ്ടി വ്യവസായ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള സംരംഭങ്ങളിൽ, സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം നൽകുന്ന സ്കെയിലിംഗ് അപ് പദ്ധതി വ്യവസായ വകുപ്പ് വഴി പുതുതായി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നല്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്.<br>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉത്പാദന വർദ്ധനവിനായി വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംരംഭകരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും അത് വഴി അവരെ സംരംഭങ്ങൾ ആരംഭിക്കാനും നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും സജ്ജരാക്കുന്നത് വഴി ഉത്പാദനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെൻറിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെൻറ് ഡെവലപ്പ്മെൻറ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ |

| | | | |
|---|---|---|---|
| | | | സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനം പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി (ESS) വഴി നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനും ആധുനികവൽക്കരണത്തിനും സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയായ PMFME പദ്ധതി വഴി ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങളുടെ വിപുലീകരണത്തിന് സ്ഥിരനിക്ഷേപത്തിന്റെ 35% (പരമാവധി 10 ലക്ഷം) വരെ സബ്സിഡി നൽകിവരുന്നു. |
| (സി) | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ വ്യവസായ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ; | (സി) | അസംസ്കൃത വസ്തുക്കളുടെ പൊതു സേവന കേന്ദ്രം ആരംഭിക്കുന്നതിന് സഹായം നൽകുന്ന ക്ലസ്റ്റർ വികസന പദ്ധതി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സമാന മേഖലയിൽപ്പെട്ട സംരംഭകരുടെ കൂട്ടായ്മയ്ക്ക് അസംസ്കൃത വസ്തുക്കൾ പൊതുവായി വാങ്ങുന്നതിനും അത് വഴി ഉത്പ്പാദന ചെലവ് കുറയ്ക്കുന്നതിനും ഈ പദ്ധതി വഴി സാധ്യമാണ്. |
| (ഡി) | വ്യാവസായിക ഉല്പന്നങ്ങളുടെ മാർക്കറ്റിനുവേണ്ടി സർക്കാർ വിപണിയിൽ ഇടപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ ഭൗമ സൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | ഇത് കൂടാതെ ഉത്പന്നങ്ങളുടെ വിപണനം ഉറപ്പ് വരുത്തുന്നതിനായി ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രദർശന വില്പന മേളകൾ, സംസ്ഥാന തലത്തിൽ അഗ്രോ ഫുഡ് പ്രോ, പ്ലാന്റേഷൻ എക്സ്പോ, മെഷീനറി എക്സ്പോ എന്നിവ നടത്തി വരുന്നു. കൂടാതെ വ്യവസായികൾക്ക് വിപണി ഉറപ്പിക്കാനായി ദേശീയ അന്തർദേശീയ പ്രദർശന മേളകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ സഹായവും നൽകി വരുന്നുണ്ട്.<br><br>സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി താലൂക്ക് തലത്തിൽ എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാ തലത്തിലും എം.എസ്.എം.ഇ എക്സിബിഷനുകൾ നടത്തി വരുന്നുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതു സംഭരണം നടത്താവുന്നതാണ്. എ.എസ്.എം.ഇ സംരംഭങ്ങൾക്ക് GEM PORTAL രജിസ്ട്രേഷൻ നടത്തുന്നതു വഴി ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GEM PORTAL ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനോപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ